## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *228.** **05.10.2016 ന് മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.മുരളീധരൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ് | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സ്കൂൾതലത്തിൽ 1735 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ്തലത്തിൽ 258 ലഹരി വിരുദ്ധ ക്ലബ്ബുകളും (ആകെ 1993) രൂപീകരിച്ച് എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യ ലക്ഷ്യങ്ങളും സംബന്ധിച്ച് 29.8.2011 ലെ ജി.ഒ. (എം.എസ്)നം.115/2011/നി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br><u>ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഘടന:-</u><br><br>എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർമാർ ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർ, PTA, മദർ പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവരെ അംഗങ്ങളാക്കി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ രൂപീകരിക്കുന്ന ക്ലബ്ബിൽ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർ, PTA-പ്രസിഡന്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധി, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളായിരിക്കും. സ്കൂളിലെ പ്രധാന അധ്യാപകൻ നിർദ്ദേശിക്കുന്ന ലഹരിവിരുദ്ധ ബോധവത്ക്കരണത്തിൽ താല്പര്യമുള്ള ഒരു അധ്യാപകനായിരിക്കും ക്ലബ്ബിന്റെ കൺവീനർ. ക്ലബ്ബ് അംഗങ്ങളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുന്നു. |

| | | | |
|---|---|---|---|
| | | | **ലക്ഷ്യങ്ങൾ:-** മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഹരി പദാർത്ഥങ്ങളെ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ലഭ്യത ഇല്ലാതാക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദുശ്ശീലത്തിൽ നിന്നും പിൻതിരിപ്പിക്കുക, മദ്യ-മയക്കുമരുന്നിനടിമകളായവരെ കണ്ടെത്തി ബോധവത്കരണത്തിലൂടെ മോചിപ്പിക്കുക, ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുക എന്നിവയാണ് ഇത്തരത്തിൽ രൂപീകരിക്കുന്ന ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | പുതിയ തലമുറയെ ബോധവൽക്കരിക്കുന്നതിന് ഇത്തരം ക്ലബ്ബുകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | പുതിയ തലമുറയെ ബോധവൽക്കരിക്കുന്നതിന് ഇത്തരം ക്ലബ്ബുകൾ ഫലപ്രദമായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് അവാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് 2012 മുതൽ അവാർഡ് നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**